**താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി & നോഡൽ ഓഫീസറുടെ**
**(കോവിഡ് –19 –പ്രതിരോധനടപടികൾ) നടപടിക്രമം**

(ഹാജർ: ജയ്സെൻ എൻ ഡി)

വിഷയം :– – താമരശ്ശേരി ഗ്രാമപഞ്ചായത്ത് – കോവിഡ് –19 രോഗബാധ വ്യാപനം തടയുന്നത് 19–ാം വാർഡിന്റെ സോഷ്യൽ ഡിസ്റ്റൻസിങ്ങ് ടീമിൽ പകരക്കാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:–
1) 2005 ലെ ദുരന്തനിവാരണ നിയമം – വകുപ്പ് 41.
2) 2009 ലെ കേരള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള കുട്ടികളുടെ അവകാശ നിയമം – വകുപ്പ് 24F, വകുപ്പ് 27.
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 01/05/2020 തീയ്യതിയിലെ 40–3/2020–ഡിഎം–1(എ) നമ്പർ ഉത്തരവ്.
4) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & കോഴിക്കോട്ട് ജില്ലാ കളക്ടറുടെ 04/05/2020 തീയ്യതിയിലെ DCKKD/2803/2020/F3(2) നമ്പർ ഉത്തരവ്.
5) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & കോഴിക്കോട്ട് ജില്ലാ കളക്ടറുടെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശം.
6) താമരശ്ശേരി ഗ്രാമപഞ്ചായത്തു തല RRT യുടെ 05–05–2020 ലെ യോഗ തീരുമാനം.
7) ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച 12/05/2020 തീയ്യതിയിലെ ബി$_{3}$.2913/20(6) നമ്പർ ഉത്തരവ്.

---

നമ്പർ : ബി$_{3}$.2913(11)/2020 തീയ്യതി 23/05/2020

---

അന്യ സംസ്ഥാനത്തു നിന്നോ ജില്ലകളിൽ നിന്നോ തിരിച്ചു വരുന്നവർക്ക് പനിയോ കോവിഡ് ലക്ഷണങ്ങളോ കണ്ടാൽ ഐസൊലേഷനിൽ പാർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. താമരശ്ശേരി കോഴിക്കോട്ടു നിന്നും വയനാട്ട് നിന്നും വരുന്നവരുടെ സംഗമ സ്ഥലമായതിനാൽ ഈ വിഷയത്തിൽ പ്രത്യേക ജാഗ്രത പുലർത്തേണ്ടതുണ്ട്. ജില്ലയിലെ നിയന്ത്രണങ്ങളിൽ ഇളവുകൾ കൊണ്ടുവന്നെങ്കിലും പൊതുജനങ്ങൾ അതീവ ജാഗ്രതയോടെ പെരുമാറേണ്ട സാഹചര്യം നിലവിലുണ്ട്. വ്യക്തികൾ സാമൂഹ്യ അകലം പാലിക്കുകയും ബ്രേക്ക് ദി ചെയിൻ ക്യാമ്പെയിന്റെ ഭാഗമായുള്ള നിഷ്കർഷകൾ പാലിക്കുകയും ചെയ്യേണ്ടതാണ്. വ്യക്തികൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും ആരോഗ്യവകുപ്പ് നിഷ്കർഷിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പു വരുത്താൻ ബഹു ജില്ലാ കളക്ടർ പരാമർശം (5), (6) പ്രകാരം വാർഡു തല സോഷ്യൽ ഡിസ്റ്റൻസിങ് എൻഫോഴ്സ്മെന്റ് ടീം രൂപീകരിക്കാൻ ഉത്തരവാകുകയും പരാമർശം (7) പ്രകാരം ബന്ധപ്പെട്ട ജീവനക്കാർക്കും അധ്യാപകർക്കും ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ആയതിന് നിയോഗിച്ചവരെല്ലാവരും തന്നെ പ്രസ്തുത ചുമതല സ്തുത്യർഹമാം വിധം നിർവ്വഹിച്ചു കൊണ്ടിരിക്കുകയുമാണ്.

എന്നാൽ 19–ാം വാർഡിൽ നിലവിൽ പ്രവർത്തിക്കുന്ന ശ്രീ അബ്ദുൽ ഹക്കീം ടി. എം (എ എം എൽ പി സ്കൂൾ, പൂനൂർ) എന്നവരെ പ്രസ്തുത ഡ്യൂട്ടിയിൽ നിന്ന് വിടുതൽ ചെയ്യേണ്ടതായ സാഹചര്യം വന്നതിനാൽ അദ്ദേഹത്തെ അപ്രകാരം ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്തുകൊണ്ടും ടി വാർഡിലെ പ്രസ്തുത ചുമതല ശ്രീ. അബ്ദുൾ സലാം പി (അധ്യാപകൻ, ജി വി എച്ച് എസ് എസ്, താമരശ്ശേരി – 8921268115) എന്നവർക്ക് ഏല്പിച്ചു കൊടുത്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. അബ്ദുൾ സലാം പി പ്രസ്തുത വാർഡിലെ ടീമിലെ വളണ്ടിയർമാരായ മുഹമ്മദ് ഷാഫി (9946333272), മുഹമ്മദ് (9656513448) എന്നിവർക്കൊപ്പം താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്:

**വാർഡ് തല സോഷ്യൽ ഡിസ്റ്റൻസിങ് എൻഫോഴ്സ്മെന്റ് ടീമുകളുടെ ചുമതലകൾ:-**

1. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വ്യക്തികൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും ആളുകൾ കൂട്ടം നിൽക്കുന്നില്ലെന്നും ഉറപ്പു വരുത്തുക.
2. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും കൈ കഴുകുവാനുള്ള സൗകര്യം അഥവാ ഹാൻഡ് സാനിറ്റൈസർ ലഭ്യമാക്കേണ്ടതാണ്.
3. സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും പുറത്തുനിന്ന് വരുന്നവരും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ്. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ വ്യക്തികൾ വരുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആയത് ശിക്ഷാർഹവുമാണെന്ന് ബോധ്യപ്പെടുത്തേണ്ടതാണ്.
4. ആളുകൾ പൊതുസ്ഥലങ്ങളിൽ തുപ്പുന്നില്ലെന്നും വ്യക്തിശുചിത്വം പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.
5. വ്യക്തികൾ അനാവശ്യമായി വീടിനു പുറത്തേക്കിറങ്ങുന്നതും പൊതുസ്ഥലങ്ങളിൽ അനാവശ്യമായി കൂട്ടം കൂടുന്നതും അനുവദിക്കരുത്.
6. ആളുകൾ അനാവശ്യമായി പുറത്തിറങ്ങുന്നതോ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ലംഘിക്കുകയോ ചെയ്താൽ പൊതുജനങ്ങൾക്ക് "covid19jagratha" പോർട്ടലിൽ public service ടാബിന് കീഴിൽ report offense എന്ന ടാബിൽ ചിത്രം സഹിതം പരാതികൾ നൽകാവുന്നതാണ്.
7. അതാത് വാർഡുകളിലേക്ക് നിയോഗിക്കപ്പെട്ട ടീമംഗങ്ങൾ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും മേൽ വിഷയത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.

(ഒപ്പ്)
സെക്രട്ടറി
താമരശ്ശേരി ഗ്രാമപഞ്ചായത്ത്

പകർപ്പ് :-

1. അതാതു വ്യക്തികൾക്ക്
2. ഡി ഇ ഒ, എ ഇ ഒ (ആമുഖ കുറിപ്പ് സഹിതം)
3. ഓഫീസ് മേധാവികൾക്ക്
4. പ്രസിഡന്റിന്റെ മേശപ്പുറം
5. ഓഫീസ് കോപ്പി
6. കരുതൽ/ അധികം